സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി

*5 [488] ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കാണ് കേന്ദ്ര ധനസഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമാണ് കേന്ദ്രസഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിന് സംസ്ഥാന സർക്കാർ അയച്ചിട്ടുള്ള അപേക്ഷകൾ ഇനിയും തീർപ്പാക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്. കുട്ടികളുടെ ക്ഷേമത്തിനായി ഐ.സി.ഡി.എസ്. പദ്ധതിയിൽ അംഗൻവാടി കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുക, വനിതകൾക്കും കുട്ടികൾക്കുമായി അംഗൻവാടി കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി ഉയർത്തുക, ജുവനൈൽ ഹോമുകളിലെ അന്തേവാസികളായ കുട്ടികളെ സാധാരണ സ്കൂളുകളിലെ ബോർഡിംഗിൽ ചേർത്തു പഠിപ്പിക്കുന്നതിനുള്ള പദ്ധതി (de institutionalisation), വൃദ്ധ ജനങ്ങൾക്കുള്ള ഡേ കെയർ, വനിതകൾക്കുള്ള വൺഡേ ഹോം, എറണാകുളത്ത് പുരുഷൻമാർക്കുള്ള ആശാഭവൻ, മാനസിക വൈകല്യമുള്ള വർക്കുവേണ്ടിയുള്ള ഭവനം, ബാല നീതി നിയമമനുസരിച്ചുള്ള സംരക്ഷണം എന്നിവയാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ മണ്ടു വർഷത്തിനിടയിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദ വിവരം അനുബന്ധമായി വച്ചിരിക്കുന്നു. †

(സി) സ്വയം സിദ്ധ പദ്ധതി, ഒരു കപ്പ് പാലും ഷെക്ക് ഹാന്റും പദ്ധതി, ബാലികാ സമൃദ്ധി യോജന, ഐ.സി.ഡി.എസ്. (ജനറൽ), എ പ്രോഗ്രാം ഫോർ ജുവനൈൽ ജസ്റ്റിസ്, ലോക ബാങ്കിന്റെ സഹായത്തോടുകൂടിയുള്ള മൂന്നാം ഘട്ട ഐ. സി. ഡി. എസ്. പദ്ധതി, വികലാംഗ ക്ഷേമ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, വികലാംഗ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്ന വ്യക്തികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, വൃദ്ധ സദന മെയിന്റനൻസ്, സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യം തടയാൻ ബോധവൽക്കരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, സ്റ്റെപ്പ്, നൊറാഡ്, ഷോർക്ക് സ്റ്റേ ഹോം, ദേശീയ വാർദ്ധക്യകാല പെൻഷൻ (കേന്ദ്ര വിഹിതം), ദേശീയ കുടുംബക്ഷേമ പദ്ധതി എന്നിവയ്ക്ക് കേന്ദ്ര സർക്കാർ ധന സഹായം ലഭിച്ചുവരുന്നു.

(ഡി) 2002-2003 വർഷത്തിൽ കേന്ദ്ര സർക്കാർ ധനസഹായത്തിനായി ശുപാർശ ചെയ്ത സന്നദ്ധ സംഘടനകളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ഇ) കേന്ദ്ര സർക്കാർ ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൻമേൽ സാമൂഹ്യക്ഷേമവകുപ്പ് ഉദ്യോഗസ്ഥൻമാർ വിശദമായി പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് സഹിതം ശുപാർശ ചെയ്ത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് അയയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ഏതൊക്കെ അപേക്ഷകൾ തീർപ്പാക്കിയെന്നും ഏതൊക്കെ തീർപ്പാക്കാനുണ്ടെന്നുമുള്ള വിവരം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിക്കാറില്ല.

വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക രംഗത്ത് ഉണ്ടായ പുരോഗതി

*6 [469] ശ്രീ. ടി. കെ. ബാലൻ:

„ എ. കെ. ബാലൻ:

„ സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക രംഗത്ത് ഉണ്ടായ പുരോഗതി വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly